(സി) 21-3-2012-ലെ ജി.ഒ.(പി)നമ്പർ 32/2012/പൊ.മ.വ. പ്രകാരം പരിഷ്കരിച്ച മാന്വൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എങ്കിലും വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായ പരാതിയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കാനും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

ഒരു മണ്ഡലത്തിൽ ഒരു പൊതുമരാമത്ത് ഓഫീസ്

244(3130) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസ് സ്ഥാപിക്കണമെന്ന് ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും പൊതുമരാമത്ത് വകുപ്പിന്റെ ഓരോ ഓഫീസ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സാങ്കേതിക തടസ്സമുണ്ടെങ്കിൽ പൊതുമരാമത്ത് വകുപ്പിന്റെ ഒരു ഓഫീസ് പോലുമില്ലാത്ത മങ്കട മണ്ഡലത്തിൽ വകുപ്പിന്റെ ഒരു ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ നൂറ് ദിന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്ന ഒരു ഇനമാണ് നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള പി.ഡബ്ല്യു.ഡി. സെക്ഷനുകളുടെ പുനഃക്രമീകരണം.. പൊതുമരാമത്ത് വകുപ്പ് റോഡ്സ് സെക്ഷനുകൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിനുവേണ്ടിയുള്ള പഠനം നടത്തുവാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിരുന്നു. ഇതേപ്പറ്റി നാറ്റ്പാക്ക് പഠനം നടത്തുകയും നിയമസഭയിലെ ബാങ്ക്വറ്റ് ഹാളിൽ വച്ച് ബഹു. മുഖ്യമന്ത്രി, ബഹു. സ്പീക്കർ, മറ്റു മന്ത്രിമാർ എന്നിവരുടെ മുമ്പാകെ ഒരു പ്രസന്റേഷൻ നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത പ്രസന്റേഷന്റെ അടിസ്ഥാനത്തിൽ പല എം.എൽ.എ.-മാരും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുകയുണ്ടായി. നാറ്റ്പാക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയതായി സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ ലഭിച്ചു എന്നാൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാൽ, ഓരോ നിയോജകമണ്ഡലത്തിലും ഒരു സെക്ഷനെങ്കിലും വരുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് (എം. എസ്.)നമ്പർ 65/13/പൊ.മ.വ. തീയതി 3-8-2013 പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly